LIBRARY ARCHIVES Kerala Legislative Assembly

പെരുനാട് സബ് സ്റ്റേഷൻ നിർമ്മാണം

133 (3935) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി-പെരുന്നയിൽ 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് എന്തു തീരുമാനമെടുത്തിട്ടുണ്ട് ;

(ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് അറ്റംവരെ എത്തി എന്ന് വിശദമാക്കാമോ ;

(സി) നിർമ്മാണം പൂർത്തിയാക്കി എന്ന് കമ്മീഷൻ ചെയ്യുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ; ഇത് അടിയന്തിരമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1998-ൽ.

(ബി) നിർമ്മാണ പ്രവർത്തനങ്ങളുടെ കോൺട്രാക്ട് കമ്പനി മെസേഴ്സ് എം.ആർ.എം. ലിമിറ്റഡ് പണി തുടങ്ങിവച്ചശേഷം ഉപേക്ഷിച്ചുപോയിരിക്കുകയാണ്. ലൈൻ വലിക്കുന്നതിനെതിരായി നിരവധി കേസ്സുകൾ നിലനിൽക്കുകയാണ്.

(സി) 2003-04 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കേസ്സുകൾ തീർക്കുവാൻ വേണ്ട പരിശ്രമം നടക്കുന്നു. കോൺട്രാക്ടർ പണി പൂർത്തിയാക്കാൻ തയ്യാറായിവന്നിട്ടുണ്ട്.

മുറിച്ചു മാറ്റിയ ഫലവൃക്ഷങ്ങൾക്ക് നഷ്ടപരിഹാരം

134 (3936) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ 33 കെ. വി. സബ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് വെട്ടിമാറ്റിയ ഫലവൃക്ഷങ്ങൾക്ക് സ്ഥലമുടമകൾക്ക് നഷ്ടപരിഹാരമായി എത്ര തുകയാണ് നല്കേണ്ടതെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ ആർക്കെല്ലാം എത്ര തുക വീതമാണ് നല്കേണ്ടത് എന്ന് അറിയിക്കാമോ ;

(ബി) ഈ പ്രവൃത്തിക്കായി വൃക്ഷങ്ങൾ മുറിച്ച് മാറ്റിയിട്ട് എത്ര കാലമായെന്നും നഷ്ടപരിഹാരം നല്കുന്നതിനുള്ള കാലതാമസത്തിന് കാരണമെന്താണെന്നും അറിയിക്കാമോ ;

(സി) സ്ഥലമുടമകൾക്ക് നഷ്ടപരിഹാരത്തുക ലഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും ഇനി എന്തൊക്കെ നടപടികളാണ് ബാക്കിയുള്ളതെന്നും അവ എന്നത്തേക്ക് പൂർത്തിയാകുമെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) നഷ്ടപരിഹാരമായി നല്കേണ്ട തുക കണക്കാക്കിക്കൊണ്ടിരിക്കുന്നു.